ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി

20(2272) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ത്രിവേണി മാർക്കറ്റുകൾ പ്രവർത്തിക്കുന്നു ; ത്രിവേണി മാർക്കറ്റുകളിൽ കഴിഞ്ഞ 5 വർഷക്കാലത്ത് വിറ്റുവരവിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(സി) മൊബൈൽ ത്രിവേണി ഏതെല്ലാം നഗരങ്ങളിൽ ആരംഭിച്ചിട്ടുണ്ട് ;

(ഡി) മലയോര പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും സഞ്ചരിക്കുന്ന സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ 65 ത്രിവേണി സ്റ്റോറുകളാണ് ഉണ്ടായിരുന്നത്. ത്രിവേണി സ്റ്റോറുകളുടെ എണ്ണം ഇപ്പോൾ 172 ആയി വർദ്ധിച്ചിട്ടുണ്ട്. 18 ത്രിവേണി സ്റ്റോറുകളുടെ പണി ഒരു മാസത്തിനകം പൂർത്തിയാക്കത്തക്കവിധത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. വിൽപ്പനയിൽ 2005-06 വർഷത്തെക്കാൾ 2009-10-ൽ 138.40 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായി. ഈ വർദ്ധനവ് 300 ശതമാനത്തോളം ആണ്. മൊബൈൽ ത്രിവേണി, ഫ്ളോട്ടിംഗ് ത്രിവേണി, ത്രിവേണി ഉച്ചക്ഷേണ പദ്ധതി, ത്രിവേണി കോഫീ ഹൗസുകൾ ഇവ ആരംഭിച്ച് ത്രിവേണി വ്യാപാര മേഖല കൂടുതൽ വിപുലമാക്കി. ഏതൊരു സ്വകാര്യ റീട്ടെയിൽ സ്ഥാപനത്തോടും കിടപിടിക്കാവുന്ന ഏഴു മെഗാ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ വിജയകരമായി പ്രവർത്തനം നടത്തിവരുന്നു. ഗുണമേന്മ ഉറപ്പാക്കുകയും എല്ലാ യൂണിറ്റുകളെയും അതാതു റീജിയണൽ ആഫീസുകളുമായും ഹെഡ് ആഫിസുമായും ഇന്റർനെറ്റ് വഴി സംയോജിപ്പിച്ച് ത്രിവേണി സൂപ്പർമാർക്കറ്റുകൾക്ക് ഏകീകൃത മുഖമുദ്രയുണ്ടാക്കുകയും സ്ഥിരം ഉപഭോക്താക്കളെ ഉൾപ്പെടുത്തി കസ്റ്റമർമീറ്റ് സംഘടിപ്പിച്ച് ത്രിവേണി സൗഹൃദ സമിതികൾ രൂപീകരിക്കുന്നതിനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ 172 ത്രിവേണി സൂപ്പർ മാർക്കറ്റുകളാണ് പ്രവർത്തിക്കുന്നത്. ത്രിവേണി യൂണിറ്റുകളിലൂടെ 2005-06 വർഷത്തെ വിൽപ്പന 49.64 കോടി രൂപയും 2009-10 വർഷത്തെ വിൽപ്പന 188.04 കോടി രൂപയും ആണ്. 2005-06 വർഷത്തെ അപേക്ഷിച്ച് 2009-10 വർഷത്തിൽ 138.40 കോടി രൂപയുടെ വിൽപ്പന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വർദ്ധന 300%-ത്തോളം ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മൊബൈൽ ത്രിവേണികൾ താഴെ പറയുന്ന സ്ഥലങ്ങളിൽ പ്രവർത്തിച്ചു വരുന്നു.

1. മൊബൈൽ ത്രിവേണി കൊല്ലം	-	കൊല്ലം
2. മൊബൈൽ ത്രിവേണി നെടുങ്കണ്ടം	-	ഇടുക്കി
3. മൊബൈൽ ത്രിവേണി ആലപ്പുഴ	-	ആലപ്പുഴ

ഇതു കൂടാതെ ജലമാർഗ്ഗം സഞ്ചരിക്കുന്ന ഒരു ഫ്ളോട്ടിംഗ് ത്രിവേണി ആലപ്പുഴ ജില്ലയിൽ കുട്ടനാട് കേന്ദ്രമാക്കിയും പ്രവർത്തിക്കുന്നുണ്ട്. മറ്റൊരു ഫ്ളോട്ടിംഗ് ത്രിവേണി കൂടി ഈ മാസം 28-ാം തീയതി അപ്പർ കുട്ടനാടിന്റെ ആവശ്യത്തിനായി കമ്മീഷൻ ചെയ്യും.

(ഡി) വയനാട്, കാസർഗോഡ്, മലപ്പുറം എന്നിവിടങ്ങളിലെ മലയോര പ്രദേശങ്ങളിൽ കേന്ദ്രമാക്കി ഓരോ "മൊബൈൽ ത്രിവേണി"കൾ വീതവും, കുണ്ടറ (അഷ്ടമുടി) കല്ലടയാറും കേന്ദ്രീകരിച്ച് പ്രവർത്തിക്കാനായി ഒരു ഒഴുകുന്ന ത്രിവേണിയും കാസർഗോഡ് ജില്ലയിലെ ജലാശയങ്ങൾ കേന്ദ്രമാക്കി മറ്റൊരു ഒഴുകുന്ന ത്രിവേണിയും ഒരു മാസത്തിനകം പ്രവർത്തനം ആരംഭിക്കുന്നതിനും ഫ്ളാറ്റുകൾ കൂടുതലായുള്ള നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന സൂപ്പർ മാർക്കറ്റുകളായ "മൊബൈൽ ത്രിവേണി"കൾ കൂടുതലായി ആരംഭിക്കുന്നതിനും കൺസ്യൂമർഫെഡിന് പദ്ധതിയുണ്ട്.

കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

21(2273) ശ്രീ. വി. ശശികുമാർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രാഥമിക സഹകരണസംഘങ്ങളെ ഉൾപ്പെടുത്തി നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ ;

(സി) സഹകരണ വിപണനം കേരളീയം പദ്ധതി അനുസരിച്ച് ഈ വർഷം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ഇതുവഴി ജനങ്ങൾക്ക് എത്ര കോടി രൂപയുടെ നേട്ടമുണ്ടായിട്ടുണ്ട് ;

(ഡി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly